# വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 10.08.2016-ന് രാവിലെ 11.30-ന് ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ ചേംബറിൽ വച്ചു നടന്ന യോഗനടപടിക്കുറിപ്പ്

## 1. പൊതു വിഷയങ്ങൾ

### 1.1 കോഓർഡിനേഷൻ കമ്മിറ്റി തീരുമാനം വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നത് സംബന്ധിച്ച്

കോഓർഡിനേഷൻ കമ്മിറ്റി മിനിട്സിന്റെ അംഗീകാരത്തിനായി കാത്തു നിൽക്കാതെ പ്രധാന തീരുമാനങ്ങൾ അന്നേ ദിവസം തന്നെ തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് ഐ.കെ.എം.നെ ചുമതലപ്പെടുത്തി.

(നടപടി. ഐ.കെ.എം)

### 1.2 പുതിയ ഹൗസിംഗ് പ്രോജക്ടുകൾ

പൊതു വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക്വേണ്ടി ഒരു ഹൗസിംഗ് പ്രോജക്ട് ഏറ്റെടുക്കണമെന്ന് പല തദ്ദേശഭരണ സ്ഥാപനങ്ങളും ആവശ്യപ്പെടുകയുണ്ടായി. ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് ലഭിക്കുന്ന പൊതു വിഭാഗം ഫണ്ടിന്റെ 15%-ൽ അധികരിക്കാത്ത തുക മാറ്റി വയ്ക്കുന്ന രീതിയിൽ പൊതു വിഭാഗത്തിനുവേണ്ടി ഭവന നിർമ്മാണ പദ്ധതികൾ ഏറ്റെടുക്കുന്നതിന് അനുമതി നൽകി തീരുമാനിച്ചു. ഇ.എം.എസ് ഭവന പദ്ധതി തുടങ്ങിയ ഭവന പദ്ധതികളുടെ വായ്പാ തിരിച്ചടവ് തുകയും ഈ 15%ൽ ഉൾപ്പെടുത്തേണ്ടതാണ്.

(നടപടി. തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ്)

### 1.3 മാർഗരേഖ ഭേദഗതി

നിലവിലെ സബ്സിഡി മാർഗരേഖയിൽ (3.1.(5)) നെൽകൃഷിയിൽ കൂലി ചെലവ് ഏക്കറിന് 6000 രൂപ എന്നത് ഹെക്ടറിന് (2.5 ഏക്കർ) എന്ന് തിരുത്തി ഭേദഗതി ചെയ്യുന്നതിന് തീരുമാനിച്ചു.

(നടപടി. തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ്)

### 1.4 പദ്ധതികളുടെ അംഗീകാരം

എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും 20.08.2016 നു മുമ്പായി പദ്ധതി അംഗീകാരത്തിനായി ഡി.പി.സി. ക്ക് സമർപ്പിക്കേണ്ടതും, ഡി.പി.സി. 23.08.2016-നു മുമ്പായി പദ്ധതിക്ക് അംഗീകാരം നൽകേണ്ടതും ഈ ആവശ്യത്തിലേയ്ക്കായി അതാത് ഡിസ്ട്രിക്ട് കളക്ടർമാർ ഡി.പി.സി. കൂടുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

(നടപടി തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്)

## 1.5 അംഗൻവാടി ജീവനക്കാരുടെ ഹോണറേറിയം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച്

അംഗൻവാടി ജീവനക്കാരുടെ ഹോണറേറിയം വർദ്ധിപ്പിച്ചുകൊണ്ടുള്ള ഉത്തരവ് അടിയന്തിരമായി പുറപ്പെടുവിക്കുന്നതിന് ശ്രീ.സോമൻ അഡീഷണൽ സെക്രട്ടറി,, ധനകാര്യ വകുപ്പിനെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

(നടപടി. ധനകാര്യവകുപ്പ്,/തസ്വഭവ (ഇ.പി.എ) വകുപ്പ്)

## 1.6 ഒ.ഡി.എഫ്. പദ്ധതി സംബന്ധിച്ച്

ജില്ലാ/ബ്ലോക്ക് പഞ്ചായത്തുകൾ മാലിന്യ സംസ്ക്കരണത്തിനായി മാറ്റി വച്ചിട്ടുള്ള 10% തുകയിൽ നിന്നും ഒ.ഡി.എഫ്ന് അധിക ഫണ്ട് ആവശ്യമുള്ള ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകുന്നതിന് അനുമതി നൽകി തീരുമാനിച്ചു. ഒ.ഡി.എഫ് പ്രോജക്ടുകൾ ക്കുള്ള ബില്ലുകൾ മുഴുവൻ പദ്ധതികളുടെയും അംഗീകാരം ലഭിക്കുന്നതിനു മുമ്പ് ട്രഷറിയിൽ നിന്ന് മാറാവുന്നതാണ്. സാംഖ്യ, സുലേഖ സിംക്രണൈസേഷൻ നടക്കാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കൈയെഴുത്തു ബിൽ സമർപ്പിക്കുന്നതിന് അനുവാദം നൽകേണ്ടതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും തുക നൽകാവുന്നതും വികസന ഫണ്ടിൽ നിന്നും ഇത് മാറ്റിയിടാവുന്നതുമാണ്. ട്രഷറികളിൽ സാധാരണ രീതിയിൽ എല്ലാ മാസവും 10-ാം തീയതി വരെ ശമ്പള ബില്ലുകൾ മാത്രമേ സ്വീകരിക്കുകയുള്ളൂ. ഈ കാലയളവിൽ ഒ.ഡി.എഫ് പ്രോജക്ടുകളുടെ ബില്ലുകളും സ്വീകരിക്കേണ്ടതാണ്. ഇതിനായി ബന്ധപ്പെട്ട സോഫ്ട് വെയർ സപ്പോർട്ട് നൽകുന്നതിനായി ഐ.കെ.എം. സോഫ്ട് വെയർ ടീം. ലീഡർ ശ്രീ. പി.കെ. ബഷീറിനെ ചുമതലപ്പെടുത്തി

(നടപടി. ധനകാര്യ വകുപ്പ്, തദ്ദേശസ്വയംഭരണ (ഡി.സി.) വകുപ്പ്/ ഐ.കെ.എം)

സംസ്ഥാന/ജില്ലാ/ബ്ലോക്ക് തലത്തിൽ സെപ്റ്റംബർ 30-ന് മുമ്പായി ഒ.ഡി.എഫ് ആയി പ്രഖ്യാപിക്കുന്ന പഞ്ചായത്തുകൾക്ക് അവാർഡ് നൽകുന്നതാണ്. പഞ്ചായത്ത് ഡയറക്ടറുടെയും ഗ്രാമവികസന കമ്മീഷണറുടെയും അക്കൗണ്ടുകളിൽ മറ്റു പ്രോജക്ടുകൾക്കായി ലഭിച്ച തുകയുടെ പലിശ ഇതിനായി വിനിയോഗിക്കാവുന്നതാണ്. ഇതിനുള്ള നിർദ്ദേശം പഞ്ചായത്ത് ഡയറക്ടറും ഗ്രാമവികസന കമ്മീഷണറും നൽകേണ്ടതാണ്.

(നടപടി. തദ്ദേശസ്വയംഭരണ (ഡി.സി. വകുപ്പ്/
പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ)

സംസ്ഥാനത്തെ ചില പഞ്ചായത്തുകളിൽ 39120 കക്കൂസുകൾ നിശ്ചയിച്ചി രിക്കുന്ന യൂണിറ്റ് കോസ്റ്റിൽ പൂർത്തിയാകില്ലെന്ന് കണ്ടെത്തിയിട്ടുണ്ട്. അപ്രകാരം അധിക തുക വേണ്ടി വരുന്ന എസ്.സി/ എസ്.റ്റി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് അധിക തുക നൽകുന്നതിന് പ്രസ്തുത വകുപ്പുകളിൽ ലഭ്യമായ തുക ഉപയോഗിക്കുന്ന കാര്യം പരിശോധിക്കേണ്ടതാണ്.

(നടപടി. എസ്.സി./എസ്.റ്റി വകുപ്പ്)
തദ്ദേശസ്വയംഭരണ (ഡി.സി)വകുപ്പ്)

കക്കൂസ് നിർമ്മാണത്തിനുവേണ്ടി കേന്ദ്ര സഹായം മാത്രം ഉൾപ്പെടുത്തി പ്രോജക്ട് വയ്ക്കുകയോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതത്തിൽ മാത്രമായി പ്രോജക്ടുകൾ വയ്ക്കുകയോ ചെയ്ത സ്ഥാപനങ്ങൾ പ്രസ്തുത പ്രോജക്ടുകൾ ഡ്രോപ്പ് ചെയ്ത് മുഴുവൻ തുകയും പദ്ധതി വിഹിതത്തിൽ നിന്നും ആദ്യം ചെലവു ചെയ്യുന്ന രീതിയിൽ പ്രോജക്ടുകൾ തയ്യാറാക്കേണ്ടതാണെന്ന് 13.07.2016-ലെ കോഓർഡിനേഷൻ കമ്മിറ്റിയോഗം തീരുമാനിച്ചിരുന്നു. അപ്രകാരം പ്രോജക്ടുകൾ മാറ്റം വരുത്താത്ത തദ്ദേശഭരണ സ്ഥാപനങ്ങൾ അടിയന്തിമായി പ്രോജക്ടുകളിൽ മാറ്റം വരുത്തേണ്ടതാണ്.

(നടപടി. തദ്ദേശസ്വയംഭരണ (ഡി.സി. വകുപ്പ്)

## 1.7 പദ്ധതി ചെലവ് അവലോകനം

എല്ലാ ഡി.പി.സി. യോഗത്തിലും പദ്ധതി ചെലവ് അവലോകനം നടത്തേണ്ടതാണ്. ഒക്ടോബർ മാസം മുതൽ ഓരോ രണ്ട് ആഴ്ചയിലും ഈ അവലോകനം നടത്തേണ്ടതാണ്. അവലോകന റിപ്പോർട്ട് ജില്ലാ പ്ലാനിംഗ് ഓഫീസർമാർ ഐ.കെ.എം ന് നൽകേണ്ടതും ഐ.കെ.എം തദ്ദേശസ്വയംഭരണ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതുമാണ്.

(നടപടി. തദ്ദേശസ്വയംഭരണ (ഡി.ബി വകുപ്പ്)
ഇൻഫർമേഷൻ കേരള മിഷൻ)

## 1.8 ആനുകൂല്യങ്ങൽക്കുള്ള വരുമാന പരിധി

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകി വരുന്ന വിവിധതരം ആനുകൂല്യങ്ങൾക്കുള്ള വരുമാന പരിധി ഭവന നിർമ്മാണത്തിനൊഴികെ പൊതു വിഭാഗം ഗുണഭോക്താക്കൾക്ക് 1 ലക്ഷം രൂപയായും എസ്.സി. വിഭാഗത്തിന് 1.5 ലക്ഷം രൂപയുമായി ഉയർത്തി തീരുമാനിച്ചു. എസ്.റ്റി വിഭാഗത്തിൽപ്പെട്ടവർക്ക് വരുമാന പരിധി ബാധകമല്ല. വീട് നൽകുന്നതിനുള്ള വാർഷിക വരുമാന പരിധി നിലവിലുള്ള 50,000/- രൂപയിൽ തുടരുന്നതാണ്. എസ്.സി. വിഭാഗം ഗുണഭോക്താക്കൾക്ക് വിദ്യാഭ്യാസ ആനുകൂല്യം നൽകുന്നതിന് വരുമാന പരിധി നോക്കേണ്ടതില്ല.

(നടപടി. തദ്ദേശസ്വയംഭരണ (ഡി.എ.വകുപ്പ്)

## 1.9 ലാപ്ടോപ്പ് നൽകുന്നത് സംബന്ധിച്ച്

എസ്.സി. വിഭാഗത്തിൽപ്പെട്ട ബിരുദ വിദ്യാർത്ഥികൾക്കും പോളിടെക്നിക്ക് വിദ്യാർത്ഥികൾക്കും കൂടി ലാപ്ടോപ്പ് നൽകുന്നതിന് അനുമതി നൽകി തീരുമാനിച്ചു. ഒരു വിദ്യാർത്ഥിക്ക് പഠന കാലയളവിൽ ഒരു പ്രാവശ്യം മാത്രമേ ലാപ്ടോപ്പ് നൽകാവൂ. വകുപ്പിൽ നിന്ന് ഈ ആനുകൂല്യം കിട്ടിയിട്ടില്ലെന്ന് എസ്.സി. ഡെവലപ്മെന്റ് ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതാണ്.

(നടപടി. തദ്ദേശസ്വയംഭരണ (ഡി.എ.വകുപ്പ്)

**1.10 സൈക്കിൾ വിതരണം സംബന്ധിച്ച്**

8,9 ക്ലാസ്സുകളിൽ പഠിക്കുന്ന എസ്.സി./എസ്.റ്റി വിദ്യാർത്ഥികൾക്ക് കൂടി സൈക്കിൾ നൽകുന്നതിന് അനുമതി നൽകി തീരുമാനിച്ചു. ഇതിനായി സ്ക്കൂളിൽ നിന്നും ലിസ്റ്റ് വാങ്ങേണ്ടതും, ഡിപ്പാർട്ട്മെന്റിൽ നിന്ന് സൈക്കിൾ ലഭിച്ചിട്ടില്ലെന്ന് സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

(നടപടി. തദ്ദേശസ്വയംഭരണ (ഡി.എ.വകുപ്പ്)

**1.11 നിലമ്പൂർ നഗരസഭ**

നിലമ്പൂർ നഗരസഭ 2015-16 സാമ്പത്തിക വർഷം നടപ്പിലാക്കിയ അസാധാരണ ഭവന നിർമ്മാണ ധനസഹായ പദ്ധതി തയ്യാറാക്കിയ സാഹചര്യത്തെക്കുറിച്ച് പഠിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കുന്നതിന് സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, നഗരകാര്യ ഡയറക്ടർ, ധനകാര്യ വകുപ്പ് പ്രതിനിധി, പ്ലാനിംഗ് ബോർഡ് പ്രതിനിധി എന്നിവരെ ചുമതലപ്പെടുത്തുന്നു.

(നടപടി. തദ്ദേശസ്വയംഭരണ (ഡി.സി. വകുപ്പ്)

**1.12 കോഴി വളർത്തുന്നതിന് ധനസഹായം**

വ്യാവസായികാടിസ്ഥാനത്തിൽ മുട്ടക്കോഴി വളർത്തുന്നതിന് വ്യക്തികൾക്കും, ഗ്രൂപ്പുകൾക്കും സബ്സിഡി നൽകുന്നതിന് തത്വത്തിൽ അംഗീകരിച്ചു. യൂണിറ്റ് കോസ്റ്റും, സബ്സിഡി മാനദണ്ഡങ്ങളും നിശ്ചയിക്കുന്നതിന് മൃഗസംരക്ഷണ വകുപ്പുമായി ചർച്ച ചെയത് മാനദണ്ഡങ്ങൾ രൂപീകരിക്കേണ്ടതാണ്.

(നടപടി. തദ്ദേശസ്വയംഭരണ (ഡി.എ.വകുപ്പ്)

**1.13 കശുമാവ് കൃഷി പ്രോത്സാഹനം**

കശുമാവ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി ധനസഹായം നൽകുന്നതിന് തത്വത്തിൽ അംഗീകരിച്ചു. ഇതിന്റെ മാനദണ്ഡങ്ങൾ ബന്ധപ്പെട്ട വകുപ്പുമായി ആലോചിച്ച് തീരുമാനിക്കേണ്ടതാണ്.

(നടപടി. തദ്ദേശസ്വയംഭരണ (ഡി.എ.വകുപ്പ്)

**1.14** ഭിന്നശേഷിക്കാരായ എല്ലാ വ്യക്തികളുടെയും വിവരങ്ങൾ ഉൾക്കൊള്ളുന്ന രജിസ്റ്റർ പഞ്ചായത്തുകളിൽ നിർബന്ധമായും സൂക്ഷിക്കേണ്ടത് സംബന്ധിച്ച് കേന്ദ്ര പഞ്ചായത്തീരാജ് മന്ത്രാലയത്തിന്റെ ചുവടെ ചേർത്തിട്ടുള്ള നിർദ്ദേശങ്ങൾ അംഗീകരിച്ചു.

1) ഗ്രാമപഞ്ചായത്ത് പ്രദേശത്തുള്ള ഭിന്നശേഷിക്കാരായ എല്ലാ വ്യക്തികളുടെയും വിശദ വിവരങ്ങൾ ഉൾക്കൊള്ളുന്ന ഒരു രജിസ്റ്റർ എല്ലാ പഞ്ചായത്തുകളും സൂക്ഷിക്കേണ്ടത്/നിലനിർത്തേണ്ടത് അനിവാര്യമാണ്.

2) ഗ്രാമപഞ്ചായത്തിൽ വിവരങ്ങൾ ലഭ്യമാകുമ്പോൾ അവ കാലാകാലങ്ങളിൽ യഥാസമയം രജിസ്റ്ററിൽ രേഖപ്പെടുത്തി വയ്ക്കേണ്ടതാണ്.

3) രജിസ്റ്ററിൽ പേര് രേഖപ്പെടുത്തുക എന്ന ഉത്തരവാദിത്വം ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളെ ചുമതലപ്പെടുത്താവുന്നതാണ്.

4) ഭിന്നശേഷിക്കാരായ വ്യക്തികളിൽ നിന്നും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് രജിസ്റ്ററിൽ രേഖപ്പെടുത്തിയ വിവരങ്ങൾ അയച്ചുകൊടുക്കാവുന്നതും അവരുടെ ഉന്നമനത്തിനുവേണ്ടി കേന്ദ്ര/സംസ്ഥാനാവിഷ്കൃത പദ്ധതികളിൽ അവർക്ക് ശരിയായ അവകാശം നൽകാവുന്നതാണ്.

5) ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഭിന്നശേഷിക്കാരായ വ്യക്തികളെ സംബന്ധിച്ച വിവരം ശേഖരിക്കുന്നതിന് സംസ്ഥാന സർക്കാർ ശുപാർശ ചെയ്ത രീതിയിലുള്ള സ്കീമുകളോ/ക്യാമ്പുകളോ ഗ്രാമപഞ്ചായത്തുകൾക്ക് സംഘടിപ്പിക്കാവുന്നതാണ്. അപ്രകാരം സംഘടിപ്പിക്കുന്ന വിവരങ്ങൾ രജിസ്റ്റർ അപ്ഡേറ്റ് ചെയ്യുന്നതിന് ഉപയോഗിക്കാവുന്നതാണ്.

ഇത്തരം രജിസ്റ്റർ തയ്യാറാക്കിയശേഷം മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ച് ഡിസ്എബിലിറ്റി സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

(നടപടി. തദ്ദേശസ്വയംഭരണ (ഡി.എ.വകുപ്പ്)

## 2. പ്രത്യേക വിഷയങ്ങൾ

### 2.1 കോയിപ്രം ഗ്രാമപഞ്ചായത്ത്

പൊതുവിഷയം 1.9 ബാധകം

### 2.2 തിരുനാവായ ഗ്രാമപഞ്ചായത്ത്

തിരുനാവായ ഗ്രാമപഞ്ചായത്തിന്റെ 2009-10 വർഷത്തിൽ കളിസ്ഥല നിർമ്മാണ പ്രവർത്തനങ്ങൾക്ക് പൈക്ക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയ പദ്ധതിയെക്കുറിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കാൻ ഡി.ഡി.പി.യെ ചുമതലപ്പെടുത്തി.

(നടപടി. തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്)

### 2.3 കായണ്ണ ഗ്രാമപഞ്ചായത്ത്

കായണ്ണ ഗ്രാമപഞ്ചായത്തിന് കൺവെൻഷൻ ഹാൾ നിർമ്മിക്കുന്നതിന് സ്ഥലം വാങ്ങാൻ വായ്പ എടുക്കുന്നതിന് വകുപ്പുതല തീരുമാനം മതിയാകുമെന്ന് നിരീക്ഷിച്ചു.

(നടപടി. തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്)

**2.4 നന്നപ്ര ഗ്രാമപഞ്ചായത്ത്**

നന്നമ്പ്ര ഗ്രാമപഞ്ചായത്തിന് കാളംതിരുത്തി ബദൽ വിദ്യാലയത്തിലെ ചുറ്റുമതിൽ നിർമ്മാണത്തിന് റവന്യൂ വകുപ്പിന്റെ അനുവാദത്തോടെ നടപ്പാക്കുന്നതിന് അനുമതി നൽകി തീരുമാനിച്ചു.

(നടപടി. തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്)

**2.5 വാരാപ്പുഴ ഗ്രാമപഞ്ചായത്ത്**

എസ്.സി. കുട്ടികൾക്ക് ഏഴാം ക്ലാസ്സുമുതൽ സൈക്കിൾ അനുവദിക്കണമെന്ന ആവശ്യവും ഭൂരഹിതർക്ക് സ്ഥലം വാങ്ങുന്നതിന് മാനദണ്ഡക്കൾക്കനുസൃതമായ സ്ഥല വിലയുടെ 100% എസ്.സി. ഫണ്ട് അധികം നൽകണമെന്ന ആവശ്യവും നിരസിച്ചു. ആയുർവേദ, ഹോമിയോ ഹോസ്പിറ്റൽ കെട്ടിടം പണിയുന്നതിനായി, ജനറൽ ഫണ്ട് ഉപയോഗിച്ച് സ്ഥലം വാങ്ങുന്നതിന് ഡി.പി.സി. അംഗീകാര ത്തോടെ നടപ്പാക്കാവുന്നതാണ്.
ഡിഗ്രി വിദ്യാർത്ഥികൾക്ക് ലാപ്ടോപ് നൽകുന്നത് സംബന്ധിച്ച് പൊതു വിഷയം 1.9 ബാധകമാക്കി തീരുമാനിച്ചു.

(നടപടി. തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്)

**2.6 കോഴിക്കാട് ബ്ലോക്ക് പഞ്ചായത്ത്**

കോഴിക്കോട് ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചുവരുന്ന കൂട്ട് ബാദ്ധ്യത ഗ്രൂപ്പുകൾ (ജെ.എൽ.ജി) പദ്ധതിക്കും മലബാർ ബൊട്ടോണിക്കൽ ഗാർഡന്റെ സഹകരണത്തോടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ബയോനിധി പദ്ധതിക്കും അനുമതി നൽകി തീരുമാനിച്ചു.

(നടപടി. തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്)

**2.7 കോട്ടാങ്ങൽ ഗ്രാമ പഞ്ചായത്ത്**

കോട്ടാങ്ങൽ ഗ്രാമപഞ്ചായത്ത് വനിതകൾക്ക് തൊഴിൽ (കമ്പ്യൂട്ടർ) പരിശീലനം എന്ന സ്പിൽഓവർ പദ്ധതിക്ക് അനുമതി നൽകണമെന്ന ആവശ്യം നിലവിലുള്ള മാർഗരേഖ പ്രകാരം നടപടി സ്വീകരിക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

**2.8 സി.-ഡിറ്റിനെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സൗരോർജ്ജ പദ്ധതികൾ നടപ്പാക്കുന്നതിന് സാധ്യതാ പഠനം നടത്തുന്നതിന്- അനുമതി പുനസ്ഥാപിക്കുന്നത് സംബന്ധിച്ച്.**

സി.-ഡിറ്റിനെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സൗരോർജ്ജ പദ്ധതികൾ നടപ്പാക്കുന്നതിന് സാധ്യതാ പഠനം നടത്തുന്നതിന്- അനുമതി പുനസ്ഥാപി ക്കുന്നത് സംബന്ധിച്ച വിഷയം അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ പരിശോധിക്കാനായി മാറ്റി വച്ചു.

(നടപടി. തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്)

**2.9 പൊൻമുണ്ടം ഗ്രാമപഞ്ചായത്ത് (ഫയൽ നം. 729/ഡി.ബി.2/16/തസ്വഭവ)**

പൊൻമുണ്ടം ഗ്രാമപഞ്ചായത്ത് മാർക്കറ്റ് നിർമ്മാണം അധിക പ്രവൃത്തി ചെയ്തതിനുള്ള തുക അനുവദിക്കുന്നത് സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ അന്വേഷിച്ച് നടപടി സ്വീകരിക്കുന്നതിന് ചുമതലപ്പെടുത്തി.

(നടപടി. തദ്ദേശസ്വയംഭരണ (ഡി,എ വകുപ്പ്/ചീഫ് എഞ്ചിനീയർ തസ്വഭവ)

## 2.10 പച്ചക്കറി വിത്തിന്റെ സബ്സിഡി 100% ആക്കുന്നത് സംബന്ധിച്ച്

പച്ചക്കറി വിത്തിന്റെ സബ്സിഡി 100% ആക്കുന്നത് സംബന്ധിച്ച് നിലവിലുള്ള മാർഗരേഖപ്രകാരം സബ്സി നൽകാവുന്നതും പ്രൊഡക്ഷൻ ഇൻസെന്റീവ് നൽകുന്ന കാര്യം പരിശോധിക്കാനും തീരുമാനിച്ചു.

## 2.11 (ഫയൽ നം 191/ഡി.ബി.2/16/തസ്വഭവ)

പ്രസ്തുത കമ്മീഷൻ രൂപീകരിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

## 2.12 കതിരൂർ ഗ്രാമപഞ്ചായത്ത്

കതിരൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷം നടപ്പിലാക്കുന്ന 10 മുതൽ 20 വയസ്സുവരെ പ്രായമുള്ള പെൺകുട്ടികളുടെ സ്വയം സുരക്ഷാ പരിശീലനം (ബ്രേവ് പദ്ധതി) പ്രോജക്ടിന് അംഗീകാരം നൽകി കോഡ് അനുവദിക്കാനും, ചുമർചിത്ര ഗ്രാമ പദ്ധതി എന്ന പ്രോജക്ട് നടപ്പിലാക്കുന്നതിന് അനുമതി നൽകാനും, പ്രോജക്ട് കോഡ് അനുവദിക്കാനും അനുമതി നൽകി തീരുമാനിച്ചു.

(നടപടി. തദ്ദേശസ്വയംഭരണ (ഡി.എ വകുപ്പ്, ഐ.കെ.എം)

## 2.13 പത്തനംതിട്ട ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 2016-17 വാർഷിക പദ്ധതിയിൽ പ്രോജക്ടുകൾ ഉൾപ്പെടുത്തുന്നതിന് അനുമതി നൽകുന്നത് സംബന്ധിച്ച്.

വയോജനങ്ങളുടെ മാനസിക ശാരീരിക ഉല്ലാസത്തിനായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന വയോജന സൗഹൃദ പദ്ധതി ഡി.പി.സി. അംഗീകാരത്തോടെ നടപ്പിലാക്കുന്നതിന് അനുമതി നൽകി തീരുമാനിച്ചു,

വിദ്യാർത്ഥികൾക്കായി 'ജില്ലയെ അറിയുക' എന്ന പദ്ധതി 'നാടിനെ അറിയുക' എന്നാക്കി തിരുത്തി ഡി.പി.സി. അംഗീകാരത്തിനു വിധേയമായി നടപ്പാക്കുന്നതിന് അനുമതി നൽകി തീരുമാനിച്ചു.

(നടപടി. തദ്ദേശസ്വയംഭരണ (ഡി.എ വകുപ്പ്)

**2.14 പെരിങ്ങോം ഗ്രാമപഞ്ചായത്ത് (ഫയൽനം.ഡി.ബി.2/223/2016/തസ്വഭവ)**

പെരിങ്ങോം ആർട്സ് ആന്റ് സയൻസ് കോളേജിന് സാമ്പത്തിക സഹായം പ്ലാൻ ഫണ്ടിൽ നിന്നും നൽകുന്നതിന് അനുമതി നൽകണമെന്ന ആവശ്യം നിരസിച്ചു.

**2.15 നിറമരുതൂർ ഗ്രാമപഞ്ചായത്ത് (ഫയൽനം.എഫ്.എം3/160/2016/തസ്വഭവ)**

നിറമരുതൂർ ഗ്രാമപഞ്ചായത്ത് ഫിഷറീസ് വകുപ്പിന്റെ മത്സ്യ ഗ്രാമവികസന പദ്ധതി പ്രകാരമുള്ള കുടിവെള്ള പദ്ധതിയുടെ വൈദ്യുത ചാർജ് തനത് ഫണ്ടിൽ നിന്നും അടയ്ക്കുന്നതിന് അനുമതി നൽകി തീരുമാനിച്ചു.

**2.16 പിറവം നഗരസഭ**

പിറവം നഗരസഭയുടെ 2016-ലെ സ്വാതന്ത്ര്യദിനാഘോഷത്തിന് മുനിസിപ്പാലിറ്റിയുടെ തനത് ഫണ്ടിൽ നിന്നും ചെലവ് വഹിക്കുന്നതിന് അനുമതി നൽകി തീരുമാനിച്ചു.

(നടപടി. തദ്ദേശസ്വയംഭരണ (എഫ്.എം വകുപ്പ്)

**2.17 എടവണ്ണ ഗ്രാമപഞ്ചായത്ത്**

എടവണ്ണ ഗ്രാമപഞ്ചായത്തിന് തെരുവുവിളക്കിനാവശ്യമായ സ്പെയർ പാർട്സ്കൾ വാങ്ങുന്നതിനും റിപ്പയർ ചെലവുകളും തനത് ഫണ്ടിൽ നിന്നോ നോൺറോഡ് മെയിന്റനൻസ് ഫണ്ടിൽ നിന്നോ ചെലവഴിക്കുന്നതിന് അനുമതി നൽകി തീരുമാനിച്ചു.

(നടപടി. തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ്)

**2.18 ആലിപ്പറമ്പ് ഗ്രാമപഞ്ചായത്ത്**

ഇല്ലാത്ത തനത് ഫണ്ട് വകയിരുത്തി ആലിപ്പറമ്പ് ഗ്രാമപഞ്ചായത്ത് പ്രോജക്ട് തയ്യാറാക്കിയതു സംബന്ധിച്ച് വ്യക്തവും വിശദവുമായ റിപ്പോർട്ട് സമർപ്പിക്കുന്നതിന് മലപ്പുറം ഡി.ഡി.പി.യെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

(നടപടി. തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ്)

**2.19 പയ്യോളി നഗരസഭ**

പയ്യോളി നഗരസഭ  കാർഷിക മേഖലയിൽ നടപ്പിലാക്കിയ പ്രോജക്ടുകളിൽ തുക  വി എഫ് പി സി കെ പുതുപ്പാടി സ്റ്റേറ്റ് സീഡ് ഫാം പോലുള്ള സ്ഥാപനങ്ങൾക്കും  റോഡ് പ്രവൃത്തികൾ  പൂർത്തീകരിച്ചതിനും തുക നൽകുന്നതിനും  തനത് ഫണ്ടിൽ നിന്നും  ചെലവഴിക്കുന്നതിന് അനുമതി നൽകി തീരുമാനിച്ചു.

(നടപടി. തദ്ദേശസ്വയംഭരണ (ഡി.സി)വകുപ്പ്)

**2.20 ആറ്റിങ്ങൽ നഗരസഭ**

നഗരസഭകളുടെ നിർവഹണ ഉദ്യോഗസ്ഥരുടെ പട്ടികയിൽ സിദ്ധ മെഡിക്കൽ ഓഫീസറെക്കൂടി ഉൾപ്പെടുത്തുന്നതിന് തീരുമാനിച്ചു.

(നടപടി. തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ്)

**2.21 മതിലകം  ബ്ലോക്ക് പഞ്ചായത്ത്**

മതിലകം ബ്ലോക്ക് ഓഫീസിന്റെ നിലവിൽ ഒഴിഞ്ഞു കിടക്കുന്ന പഴയ കെട്ടിടം ഗ്രാമ ന്യായാലയം  ആയി പ്രവർത്തിക്കുന്നതിനായി ഹൈക്കോടതി രജിസ്ട്രാർക്ക് വിട്ടുകൊടുക്കുന്നതിന് അനുവാദം നൽകി തീരുമാനിച്ചു.

(നടപടി. തദ്ദേശസ്വയംഭരണ (ഡി.ഡി.)വകുപ്പ്)

(യോഗം  ഉച്ചയ്ക്ക് 2.30 ന് അവസാനിച്ചു.)

അടുത്ത കോഓർഡിനേഷൻ കമ്മിറ്റി **25.08.2016 ന് രാവിലെ 11.30 ന്**  ബഹു തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുടെ ചേംമ്പറിൽ കൂടുന്നതിന് തീരുമാനിച്ചു.